File No.REV-F1/343/2018-REV

"ഭരണഭാഷ- മാതൃഭാഷ"

12 FEB 2020 007452

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിലെ, മഞ്ചേശ്വരം താലൂക്കിൽപ്പെട്ട പഡ്രെ ഗ്രൂപ്പ് വില്ലേജിനെ പഡ്രെ, കാട്ടുകുക്കെ എന്നീ രണ്ട് സ്വതന്ത്ര വില്ലേജുകളായി വിഭജിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

**G.O.(Ms)No.47/2020/RD** തീയതി,തിരുവനന്തപുരം, 07/02/2020

---

പരാമർശം:- 11-06-2019 തീയതിയിലെ ലാന്റ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.(എം2)-11567/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽപ്പെട്ട, പഡ്രെ ഗ്രൂപ്പ് വില്ലേജിൽ പഡ്രെ, കാട്ടുകുക്കെ എന്നീ രണ്ട് വില്ലേജുകളാണ് ഉള്ളത്. കാട്ടുകുക്കെയിലെ പെർളത്തടുക്കയിലെ കാട്ടുകുക്കെ സർവ്വീസ് സഹകരണ ബാങ്കിന് സമീപത്താണ് നിലവിൽ ഈ വില്ലേജുകളുടെ ആസ്ഥാനം. സ്വന്തമായി ബിൽഡിംങ്ങും സ്റ്റാഫ് ക്വാർട്ടേഴ്സും ഉണ്ട്. കാട്ടുകുക്കെയുടെ വടക്കുഭാഗത്തായി എൻമകജെ വില്ലേജിനോടും കർണ്ണാടക സംസ്ഥാനത്തിനോടടുത്തുമായി കിടക്കുന്ന പ്രദേശമാണ് പെർളത്തടുക്ക.

2) പഡ്രെ വില്ലേജിലെ ജനങ്ങൾ മണിക്കൂറുകളോളം യാത്ര ചെയ്ത് ദൈനംദിന ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസിൽ എത്തിപ്പെടേണ്ടതിനാലും എൻഡോസൾഫാന്റെ ദുരിതങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ജനങ്ങൾ താമസിക്കുന്ന വില്ലേജ് ആയതിനാലും പഡ്രെ വില്ലേജ് ഓഫീസിനെ നിലവിൽ പ്രവർത്തിച്ച് വരുന്ന കാട്ടുകുക്കെയിലെ പെർളത്തടുക്കയിൽ നിന്ന് മാറ്റി പഡ്രെ വില്ലേജിന്റെ ആസ്ഥാനം സ്വർഗയിലോ പരിസര പ്രദേശങ്ങളിലെവിടെയെങ്കിലുമോ പ്രവർത്തിച്ച് തുടങ്ങാവുന്നതും നിലവിലുള്ള ഓഫീസ് കെട്ടിടം കാട്ടുകുക്കെ വില്ലേജിന്റെ ആസ്ഥാനമാക്കി മാറ്റാവുന്നതുമാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (1)-ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഡ്രെ കാട്ടുകുക്കെ എന്ന ഗ്രൂപ്പ് വില്ലേജിലെ പഡ്രെ പ്രദേശത്തെ ജനങ്ങൾ വില്ലേജ് ഓഫീസ് സേവനങ്ങൾക്കായി 27 കി.മീറ്ററോളം കർണ്ണാടക സംസ്ഥാനം വഴി സഞ്ചരിക്കേണ്ട സാഹചര്യമുള്ളതിനാലും, വളരെ ബസ്സ് സൗകര്യം കുറഞ്ഞ ഒരു പ്രദേശവും, എന്നു മാത്രമല്ല എൻഡോ സൾഫാൻ ദുരിത ബാധിതർ കൂടുതലായി ജീവിക്കുന്ന വില്ലേജുമാണെന്നതും, നാട്ടുകാർ മണിക്കൂറുകളോളം യാത്രചെയ്താൽ മാത്രമെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് വില്ലേജ് ഓഫീസിൽ എത്തിപ്പെടാൻ കഴിയൂ എന്ന അവസ്ഥയും കണക്കിലെടുത്ത് പഡ്രെ ഗ്രൂപ്പ് വില്ലേജിനെ വിഭജിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, പഡ്രെ ഗ്രൂപ്പ് വില്ലേജിനെ പഡ്രെ, കാട്ടുകുക്കെ എന്നീ രണ്ടു സ്വതന്ത്ര വില്ലേജുകളായി വിഭജിച്ചും, അത്യാവശ്യം വേണ്ടുന്ന തസ്തികകൾ സൃഷ്ടിക്കാതെ ഗ്രൂപ്പ് വില്ലേജ് വിഭജിക്കുന്നതുവഴി രണ്ടു വില്ലേജുകളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നുമാത്രമല്ല ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാനിടയാക്കുമെന്ന കാര്യം കണക്കിലെടുത്ത് വില്ലേജ് ഓഫീസർ-1, സ്പെഷ്യൽ വില്ലേജ് ഓഫീസർ-1, വില്ലേജ് അസിസ്റ്റന്റ്-1,

വില്ലേജ് ഫീൽഡ് അസിസ്റ്റൻറ്- 2, പി.ടി.എസ്-1 എന്നീ 6 പുതിയ തസ്തികകൾ സൃഷ്ടിച്ചും ഇതിനാൽ ഉത്തരവാകുന്നു.

4) വിഭജിക്കപ്പെടുന്ന പഡ്രെ, കാട്ടുകുക്കെ വില്ലേജുകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VENU V
PRINCIPAL SECRETARY

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ,സർവ്വെ & ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം
ജില്ലാകളക്ടർ, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് ( ഇ.1310634: വ്യയം-എ1/430/2019/ധന പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വെബ്ബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Pushpavally B
Date: 2020.02.0[illegible] 16:57:48 IST
Reason: Approved
സെക്ഷൻ ഓഫീസർ